# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE**:19.11.2024

## പ്രധാനവാർത്തകൾ

1.) കാലാവസ്ഥാ വ്യതിയാനത്തിനും യുക്രൈൻ-പശ്ചിമേഷ്യ യുദ്ധങ്ങൾക്കുമുള്ള പരിഹാരങ്ങൾക്ക് ആഹ്വാനം ചെയ്ത് ജി-20 നേതാക്കളുടെ റിയോ ഡി ജനീറോ പ്രഖ്യാപനം.

2.) പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പ് നാളെ. മഹാരാഷ്ട്ര , ഝാർഖണ്ഡ് സംസ്ഥാനങ്ങളിലും നാളെ നിയമസഭാ തിരഞ്ഞെടുപ്പ്.

3.) കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ  അഖിലേന്ത്യാ പോലീസ് സയൻസ് കോൺഗ്രസ് സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും.

4.) കാലാവസ്ഥാ വ്യതിയാനവും ആരോഗ്യസംരക്ഷണവും സംബന്ധിച്ച കർമ്മ പദ്ധതികൾ ഊർജ്ജിതമാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശം.

5.) സംസ്ഥാനത്ത് വളം, കീടനാശിനി തുടങ്ങിയവയുടെ ലഭ്യതയിൽ നിലവിലുള്ള പ്രശ്നങ്ങൾ ഒരാഴ്ചക്കുള്ളിൽ പരിഹരിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

6.) 2024 വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കി സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനുമായി ഏറ്റുമുട്ടും.

**********************************

RNU TVPM

## റിയോ ഡി ജനീറോ പ്രഖ്യാപനം

19-മത് ജി-20 ഉച്ചകോടിയുടെ ഭാഗമായുള്ള റിയോ ഡി ജനീറോ പ്രഖ്യാപനം ഇന്നലെ നടന്നു. സാമൂഹിക ഉൾപ്പെടുത്തൽ, പട്ടിണി, ദാരിദ്ര്യം എന്നിവയ്ക്കെതിരായ പോരാട്ടം, സുസ്ഥിര വികസനം, ഊർജം, നിർമിത ബുദ്ധി, യു.എൻ, ബഹുമുഖ വ്യാപാര സംവിധാനം തുടങ്ങിയ വിഷയങ്ങൾ പ്രഖ്യാപനത്തിൽ ഉൾപ്പെടുന്നു. ന്യൂഡൽഹി പ്രഖ്യാപനത്തിന്റെ തുടർച്ചയായ നിരവധി വിഷയങ്ങളും പുതിയ പ്രഖ്യാപനത്തിലുണ്ട്. ജൈവ സമ്പദ്‌വ്യവസ്ഥ, സ്ത്രീ ശാക്തീകരണത്തിനായുള്ള പ്രവർത്തക സംഘങ്ങൾ, ഗവേഷണം, നൂതനാശയങ്ങൾ തുടങ്ങിയവയും ഈ വർഷത്തെ പ്രഖ്യാപനത്തിന്റെ ഭാഗമാണ്.

RNU TVPM

**********************************

## ഉഭയകക്ഷി ചർച്ച-പി.എം

ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ വിവിധ ലോക നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ചകൾ നടത്തി. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇന്ത്യ - ഇറ്റലി സഹകരണം ശക്തിപ്പെടുത്താൻ ധാരണയായി. ബഹിരാകാശം, ഊർജം, നിർമിതബുദ്ധി തുടങ്ങിയ മേഖലകളിലെ കൂട്ടായ പ്രവർത്തനത്തിന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയുമായി ശ്രീ മോദി നടത്തിയ കൂടിക്കാഴ്ചയിൽ ധാരണയായി. യു.കെ, നോർവേ,

പോർച്ചുഗൽ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലെ നേതാക്കളുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉഭയകക്ഷി ചർച്ചകൾ നടത്തി.

***********************************

പാലക്കാട് വോട്ടെടുപ്പ്

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് നാളെ പോളിംഗ് ബൂത്തിലേക്ക്. പത്തു സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. മണ്ഡലത്തിൽ വോട്ടെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. ആകെ 184 പോളിങ് ബൂത്തുകളാണ് ഉപതിരഞ്ഞെടുപ്പിനായി സജ്ജീകരിച്ചിട്ടുള്ളത്. വോട്ടെടുപ്പിന്റെ പശ്ചാത്തലത്തിൽ പാലക്കാട് നിയമസഭാ നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും നാളെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

RNUTVPM

***********************************

പാലക്കാട് ജില്ലാ കളക്ടർ (ഇൻട്രോ)

പാലക്കാട് മണ്ഡലത്തിൽ വോട്ടെടുപ്പ് സുഗമമാക്കാനും ക്രമക്കേടുകൾ തടയാനുമുള്ള എല്ലാ സംവിധാനങ്ങളും ഉറപ്പാക്കിയതായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥകൂടിയായ ജില്ലാ കളക്ടർ എസ്.ചിത്ര അറിയിച്ചു. തിരഞ്ഞെടുപ്പ് അവബോധ പ്രവർത്തനങ്ങളുടെ ഫലമായി പാലക്കാട് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ യുവ വോട്ടർമാരുടെ വലിയ പങ്കാളിത്തമാണുണ്ടായതെന്നും നാളെ നടക്കുന്ന നിയമസഭാ

ഉപതെരഞ്ഞെടുപ്പിലും എല്ലാവരും സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

( വോയിസ് )

**********************************

**മഹാരാഷ്ട്ര-ഝാർഖണ്ഡ് തിരഞ്ഞെടുപ്പ്**

നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിൽ വോട്ടെടുപ്പിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. 288 സീറ്റുകളിൽ ഒറ്റഘട്ടമായാണ് നാളെ വോട്ടെടുപ്പ്. ഝാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിനുള്ള ഒരുക്കങ്ങളും പൂർത്തിയായി. 12 ജില്ലകളിലെ 38 മണ്ഡലങ്ങളിലേക്കാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. നവംബർ 23 നാണ് വോട്ടെണ്ണൽ.

RNU TVPM

**********************************

**അമിത് ഷാ**

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ അഖിലേന്ത്യാ പോലീസ് സയൻസ് കോൺഗ്രസിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. പുതിയ ക്രിമിനൽ നിയമത്തിൽ ഫോറൻസിക്കിന്റെയും സാങ്കേതികവിദ്യയുടെയും ഉപയോഗം, നിർമിതബുദ്ധി, ദുരന്തസാധ്യത കുറയ്ക്കുന്നതിൽ പോലീസിന്റെ പങ്ക് തുടങ്ങിയ വിഷയങ്ങൾ രണ്ടു ദിവസത്തെ സമ്മേളനം ചർച്ച ചെയ്യും.

**********************************

**രാജ്നാഥ് സിങ്ങ്**

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ രണ്ട് ദിവസത്തെ ലാവോസ് സന്ദർശനം നാളെ ആരംഭിക്കും. ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും.

*********************************

**ഇന്ദിരാഗാന്ധി -ആദരാഞ്ജലി**

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ജന്മവാർഷിക ദിനം ഇന്ന്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പടെ രാഷ്ട്രീയ രംഗത്തെ പ്രമുഖ നേതാക്കൾ ഇന്ദിരാഗാന്ധിക്ക് ആദരാഞ്ജലി അർപ്പിച്ചു.

*********************************

**റാണി ലക്ഷ്മി ബായി-സ്മരണാഞ്ജലി**

RNU TVPM

ഇന്ത്യയുടെ മോചനത്തിന് ബ്രിട്ടീഷുകാരോട് പടവെട്ടിയ ഝാൻസിയിലെ റാണി ലക്ഷ്മി ബായിയുടെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രിയടക്കമുള്ള പ്രമുഖർ സ്മരാണാഞ്ജലി അർപ്പിച്ചു.

*********************************

**ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം**

കാലാവസ്ഥാ വ്യതിയാനവും ആരോഗ്യസംരക്ഷണവും സംബന്ധിച്ച ജില്ലാ, നഗര തല കർമ്മ പദ്ധതികൾ ഊർജ്ജിതമാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ട് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം. വായു മലിനീകരണം തടയാനുള്ള പ്രവർത്തനങ്ങൾ

ശക്തമാക്കാൻ കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ, ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചു. അന്തരീക്ഷ മലിനീകരണവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ നിരീക്ഷിക്കാനും ജനങ്ങളിൽ അവബോധം വളർത്താനും

**********************************

**അന്തരീക്ഷ മലിനീകരണം-ഡൽഹി**

ഡൽഹിയിൽ അന്തരീക്ഷ മലിനീകരണം കൂടുതൽ വഷളായി. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കനുസരിച്ച് ഇന്ന് രാവിലെ മേഖലയിലെ ശരാശരി വായു ഗുണനിലവാര സൂചിക 494 ആണ്.

**********************************

**സുരേഷ് ഗോപി**

വളം, കീടനാശിനി തുടങ്ങിയവയുടെ ലഭ്യതയിൽ നിലവിലുള്ള പ്രശ്നങ്ങൾ ഒരാഴ്ചക്കുള്ളിൽ പരിഹരിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. തൃശൂരിൽ കർഷക പ്രതിനിധികളും വളം ഡീലേഴ്സുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യത്തിൽ ഉറപ്പ് നൽകിയത്. കാർഷിക മേഖലയിലെ പ്രതിസന്ധികളും സാധ്യതകളും ചർച്ചാ വിഷയമായി. അടുത്ത സീസൺ മുതൽ വളം ലഭ്യത ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും ശ്രീ സുരേഷ് ഗോപി ഉറപ്പുനൽകിയതായി ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അറിയിച്ചു.

RNU TVPM

**********************************

**ഐ.എസ്.ആർ.ഒ ചെയർമാൻ (ഇൻട്രോ)**

ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു. വിക്ഷേപണം വിജയകരമായിരുന്നെന്നും ഉപഗ്രഹം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥ് പറഞ്ഞു.

**( വോയിസ് )**

**********************************

**സർവ്വകക്ഷി യോഗം**

പാർലമെന്റിന്റെ ശൈത്യകാല സമ്മേളനത്തിന് മുന്നോടിയായി ഈ മാസം 24 ന് സർവ്വകക്ഷി യോഗം വിളിച്ച് കേന്ദ്ര സർക്കാർ. ഇരുസഭകളുടേയും സമ്മേളനം സുഗമമാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പിന്തുണ യോഗത്തിൽ തേടും. ഈ മാസം 25 ന് ആരംഭിക്കുന്ന പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം ഡിസംബർ 20 ന് അവസാനിക്കും.

**********************************

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 24 ന്

RNU TVPM

രാവിലെ 11 മണിക്ക്. പരിപാടിയുടെ 116ആം പതിപ്പാണിത്. **myGov** ഓപ്പൺഫോറത്തിലും **NaMo** ആപ്പിലൂടേയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടേയും വെള്ളിയാഴ്ചവരെ ജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം.

**********************************

**സി.എ.ജി**

ഇന്ത്യയുടെ അടുത്ത കംട്രോളർ ആന്റ് ഓഡിറ്റർ ജനറലായി കെ സഞ്ജയ് മൂർത്തി നിയമിതനായി. നിലവിൽ വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയാണ് അദ്ദേഹം. 2020-ൽ നിയമിതനായ നിലവിലെ സി എ ജി ഗിരിഷ് ചന്ദ്ര മുർമുവിനു പകരമാണ് ശ്രീ മൂർത്തിയുടെ നിയമനം.

**********************************

**ചാമ്പ്യൻഷിപ്പ് ഹോക്കി**

2024 വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കി സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് ബീഹാറിൽ തുടക്കമാകും. ആദ്യ മത്സരം ചൈനയും മലേഷ്യയും തമ്മിൽ. ഇന്ന് ഉച്ചയ്ക്ക് 2.15 ന് രാജ്ഗീറിൽ നടക്കും. ഇന്ത്യ – ജപ്പാൻ സെമി ഫൈനൽ വൈകിട്ട് 4.45 നാണ്.

**********************************

RNU TVPM

ശബരിമല (ഇൻട്രോ)

ശബരിമല തീർഥാടകർക്ക് വഴികാട്ടിയായി സ്വാമി ചാറ്റ് ബോട്ട് എന്ന എ.ഐ അസ്സിസ്റ്റന്റ്. തീർത്ഥാടകരുടെ യാത്ര കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവുമാക്കാൻ ലക്ഷ്യമിട്ടാണ് പത്തനംതിട്ട ജില്ല ഭരണകൂടം വാട്സ് ആപ്പിലൂടെ ചാറ്റ് ബോട്ടിന്റെ സഹായം ലഭ്യമാക്കിയിരിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ
പ്രതിനിധി **ശ്രീജി എസ് ശ്രീധർ......**
( വോയിസ് )

RNU TVPM

*********************************

ശബരിമല

ശബരിമലയിൽ തിരക്ക് തുടരുന്നു. നട തുറക്കൽ സമയം കൂട്ടിയത് ശബരിമലയിലെത്തുന്ന ഭക്തർക്ക് സുഗമമായ ദർശനത്തിന് സഹായകമായതായി തന്ത്രി കണ്ഠര് രാജീവര് പറഞ്ഞു. സന്നിധാനവും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ തീർത്ഥാടകർ ശ്രദ്ധിക്കണമെന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണമായും ഒഴിവാക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

*********************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 974 പോയിന്റ് ഉയർന്ന് 78,317 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 309 പോയിന്റ് നേട്ടത്തിൽ 23,762 ലും വ്യാപാരംതുടരുന്നു. സ്വർണ്ണവില കൂടി. പവന് 560 രൂപ വർധിച്ച് 56,520 രൂപയും ഗ്രാമിന് 7,065 രൂപയുമാണ് ഇന്നത്തെ വില.

**********************************

## വയനാട് - ഹർത്താൽ

വയനാട്ടിൽ യു.ഡി.എഫും എൽ.ഡി.എഫും വെവ്വേറെ ആഹ്വാനം ചെയ്ത ഹർത്താൽ തുടരുന്നു. രാവിലെ ആറു മണി മുതൽ വൈകുന്നേരം ആറുമണിവരെയാണ് ഹർത്താൽ. മുണ്ടക്കൈ , ചൂരൽമല ഉരുൾപൊട്ടലിൽ കേന്ദ്ര സർക്കാർ പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കാത്തതിൽ പ്രതിഷേധിച്ചാണ് ഹർത്താൽ. അവശ്യ സർവീസുകളെ ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

PRD TVPM

**********************************

## സിദ്ദിഖിന് ജാമ്യം

നടിയുടെ പീഡന പരാതിയിൽ നടൻ സിദ്ദിഖിന് സുപ്രീംകോടതി മുൻകൂർ ജാമ്യം അനുവദിച്ചു. ജസ്റ്റിസുമാരായ ബേല എം. ത്രിവേദി, സതീഷ് ചന്ദ്ര ശർമ എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

**************************************************************

**********************************